**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2380** **07.10.2016 ൽ മറുപടിയ്ക്ക്**

**റബ്ബർ കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ.എൽദോ എബ്രഹാം** | **ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് റബ്ബർ കർഷകരെ സഹായിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി 'റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി' നടപ്പാക്കി വരുന്നു. പദ്ധതി മൂലം കിലോയ്ക്ക് 150 രൂപ താങ്ങുവിലയായി നിജപ്പെടുത്തുകയും മാർക്കറ്റ് വിലയും താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി കർഷകർക്ക് അക്കൗണ്ട് വഴി നേരിട്ട് കൈമാറുകയും ചെയ്തു വരുന്നു. പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) അടിസ്ഥാന വില 150 രൂപ നിശ്ചയിച്ച് മാർക്കറ്റ് വില കഴിച്ചുള്ള തുക ബാങ്ക് അക്കൗണ്ട് വഴി . കർഷകർക്ക് നൽകുന്ന സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഏത് മാസം വരെയുള്ള തുക നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) ഉണ്ട്. രണ്ടാഴ്ചയിലൊരിക്കലാണ് സബ്സിഡി കർഷകർക്ക് നേരിട്ട് കൈ മാറുന്നത് . 01-10-2016 വരെ പദ്ധതിയിനത്തിൽ 285.78 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് നൽകി ഉത്തരവായിട്ടുണ്ട്. പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**